## പതിമൂന്നാം കേരളനിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2788 — 20.07.2011-ൽ മറുപടിക്ക്

### ഗ്രാമസ്വരാജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഷാഫി പറമ്പിൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗാന്ധിയൻ സങ്കല്പമായ ഗ്രാമ സ്വരാജ് പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | (എ) ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് എന്ന ശരിയായ സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തും ഓരോ റിപ്പബ്ലിക്കുകൾ ആയിരിക്കണമെന്നും, സ്വയംപര്യാപ്തത, ഗ്രാമീണവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കൽ, ഗ്രാമീണശുചിത്വം, തൊട്ടുകൂടായ്മ ഇല്ലാതാക്കൽ, ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കൽഎന്നിവയാണ്ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കല്പത്തിലെ സവിശേഷഘടകങ്ങൾ. ഈ സങ്കല്പത്തിന്റെ സാക്ഷാത്ക്കാരം കൂടിയായിരുന്നു ഇൻഡ്യൻ ഭരണഘടനയുടെ 73, 74 ഭേദഗതി നിയമവും അതിനെത്തുടർന്ന് കേരള നിയമസഭ പാസ്സാക്കിയ 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമവും. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഗ്രാമതലങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെ വികേന്ദ്രീകൃതാസൂത്രണവും പ്രാദേശികവികസനവും ദാരിദ്ര്യലഘൂകരണവും ലക്ഷ്യമാക്കി വിവിധ കർമ്മപരിപാടികളാണ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നത്. എല്ലാ പൗരന്മാരും അംഗങ്ങളായ ഗ്രാമസഭകൾ ഈ പ്രക്രിയയിൽ നിർണ്ണായക പങ്കുവഹിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം, പ്രാഥമിക ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യനീതിഉറപ്പാക്കൽ, സ്ത്രീശാക്തീകരണം, ഭവനനിർമ്മാണം, സമ്പൂർണ്ണ ശുചിത്വം എന്നീ പ്രധാന മേഖലകളിൽ കർമ്മപരിപാടികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ആഫീസർ.